കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - പാറശ്ശാല നിയോജകമണ്ഡലം - ഒറ്റശേഖരമംഗലം ജി.എൽ.പി.എസ് കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം. 1329/ 2018/ തസ്വഭവ                തിരുവനന്തപുരം, തീയതി, 11.05.2018

വായന: - 1. 11/06/2012 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 332/12/ധന.

2 സർക്കാർ ഉത്തരവ് (സാധ.) നം. 4960/2017/പൊ.വി.വ തീയതി. 22/12/2017

3. പാറശ്ശാല എം.എൽ.എ യുടെ 26/02/2018 ലെ കത്ത്.

4. സർക്കാർ ഉത്തരവ് (സാധ.) നം. 1265/2018/ പൊ.വി.വ തീയതി 28/03/2018

**ഉത്തരവ്**

പാറശ്ശാല നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. സി.കെ ഹരീന്ദ്രൻ എം.എൽ.എ യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ഒറ്റശേഖരമംഗലം ജി.എൽ.പി.എസ് കെട്ടിടത്തിന്റെ നിർമ്മാണം എന്ന പ്രവൃത്തിക്ക് വായന (2) ലെ സർക്കാർ ഉത്തരവിലൂടെ ആകെ അടങ്കൽ തുകയായ 29,99,870 ലക്ഷം രൂപ (ഇരുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ്റിയെഴുപത് രൂപ മാത്രം) യുടെ ഭരണാനുമതി നല്കുകയും പദ്ധതി നിർവ്വഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ടി കെട്ടിടത്തിന്റെ ഗുണഭോക്തൃ വകുപ്പ് തദ്ദേശ സ്വയം ഭരണവകുപ്പ് ആയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ശീർഷകം '4515-00-800-96' എന്ന് രേഖപ്പെടുത്തി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി വായന (3) ലൂടെ പാറശ്ശാല എം.എൽ.എ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാറശ്ശാല നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. സി.കെ ഹരീന്ദ്രൻ എം.എൽ.എ യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ഒറ്റശേഖരമംഗലം ജി.എൽ.പി.എസ് കെട്ടിടത്തിന്റെ നിർമ്മാണം എന്ന പ്രവൃത്തിക്ക് വായന (2) ലൂടെ പുറപ്പെടുവിച്ചിരുന്ന ഉത്തരവ് വായന(4)ലൂടെ റദ്ദാക്കിയിട്ടുള്ളതിനാൽ ടി പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ 29,99,870 ലക്ഷം രൂപ (ഇരുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ്റിയെഴുപത് രൂപ മാത്രം) വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും വായന (1) ലെ സർക്കാർ ഉത്തരവും പാലിക്കണമെന്ന നിബന്ധനയോടെയും പദ്ധതി നിർവ്വഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ആയത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി.എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. സി.കെ ഹരീന്ദ്രൻ എം.എൽ.എ (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സെക്രട്ടറി, ഒറ്റശേഖര മംഗലം ഗ്രാമപഞ്ചായത്ത്
ധനകാര്യ വകുപ്പ് 16/NC B2/2018 ധനകാര്യ(നോഡൽ സെന്റർ-സി) വകുപ്പ് തീ. 17.03.2018
ത.സ്വ.ഭ.വ (ഒ.എസ്) വകുപ്പ് (ഡി.ബി.2/82/2018/ ത.സ്വ ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ